**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1122** **30.10.2019 ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജ മദ്യത്തിന്റെയും, കഞ്ചാവ് പുകയില ഉല്പന്നങ്ങൾ അടക്കമുളള ലഹരിവസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന്റെ ഭാഗമായി എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; വിശദമാക്കമോ; | (എ) | 457959 റെയിഡുകൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 58579 അബ്കാരി കേസുകളും, 21363 മയക്ക്മരുന്ന് കേസുകളും, 242641 COPTA കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസിലുൾപ്പെട്ട 49953 പ്രതികളെയും, എൻ.ഡി.പി.എസ്. കേസുകളിലുൾപ്പെട്ട 22225 പ്രതികളെയും ടി റെയിഡിന്റെ ഭാഗമായി അറസ്റ്റ് ചെയ്തിട്ടുളളതാണ്. |
| (ബി) | അപ്രകാരം പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെ അളവ് അടക്കമുളള വിശദാംശം വ്യക്തമാക്കമോ; | (ബി) | വിശദാംശം അനുബന്ധമായി കൊടുക്കുന്നു |
| (സി) | ലഹരിവസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം വ്യക്തമാക്കമോ? | (സി) | ലഹരി വസ്തുക്കളുടെ വിൽപ്പനയും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും, സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ്, തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾ എന്നിവയും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി ലഹരി വസ്തുക്കളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ലഹരി വസ്തുക്കൾ | അളവ് |
|---|---|---|
| 1. | സ്പിരിറ്റ് | 15836 ലിറ്റർ |
| 2. | ചാരായം | 13963 ലിറ്റർ |
| 3. | വിദേശമദ്യം | 99457 ലിറ്റർ |
| 4. | കോട | 727671 ലിറ്റർ |
| 5. | അരിഷ്ടം | 49785 ലിറ്റർ |
| 6. | ബിയർ | 13021 ലിറ്റർ |
| 7. | കള്ള് | 51704 ലിറ്റർ |
| 8. | അന്യസംസ്ഥാന വിദേശമദ്യം | 32678 ലിറ്റർ |
| 9. | അനധികൃത മദ്യം | 4898 ലിറ്റർ |
| 10. | വിദേശ നിർമ്മിത വിദേശ മദ്യം | 132 ലിറ്റർ |
| 11. | വൈൻ | 22205 ലിറ്റർ |
| 12. | നേർപ്പിച്ച സ്പിരിറ്റ് | 125 ലിറ്റർ |
| 13. | മെഥിലേറ്റഡ് സ്പിരിറ്റ | 230 ലിറ്റർ |
| 14. | ഗഞ്ചാവ് | 5870 കിലോ |
| 15. | ഗഞ്ചാവ് ചെടി | 5947 എണ്ണം |
| 16. | ഗഞ്ചാവ് ലേഹ്യം | 125 ഗ്രാം |
| 17. | ഗഞ്ചാവ് ബീഡി | 36 എണ്ണം |
| 18. | ഗഞ്ചാവ് സിഗരറ്റ് | 87 എണ്ണം |
| 19. | ഹാഷിഷ് | 166768 ഗ്രാം |
| 20. | ഹെറോയിൻ | 601.59 ഗ്രാം |
| 21. | ബ്രൗൺ ഷുഗർ | 750.38 ഗ്രാം |
| 22. | എം.ഡി.എം.എ. | 31465 ഗ്രാം |
| 23. | എൽ.എസ്. ഡി | 26.87 ഗ്രാം |
| 24. | കൊക്കയിൻ | 12.258 ഗ്രാം |
| 25. | ചരസ് | 9397 ഗ്രാം |
| 26. | ഓപിയം | 5661 ഗ്രാം |
| 27. | പോപ്പി പ്ലാസ്റ്റ് പൗഡർ | 450 ഗ്രാം |
| 28. | മാന്ത്രിക കുമിൾ | 164 ഗ്രാം |
| 29. | കോഡിൻ ഫോസ്ഫേറ്റ് | 2165 ലിറ്റർ |
| 30. | ഡയസെപാം | 546 ആംപ്യൂൾ |
| 31. | പെന്റാസോസൈൻ | 50 ആംപ്യൂൾ |
| 32. | ബ്യൂപ്രിനോർഫിൻ | 787 ആംപ്യൂൾ |
| 33. | മറ്റ് ആംപ്യൂൾ | 11 എണ്ണം |
| 34. | ഫിനർഗാൻ | 2 ആംപ്യൂൾ |
| 35. | പ്രോമിതാസൈൻ | 104 ആംപ്യൂൾ |
| 36. | ലിമെതാസൺ | 20 ഗുളികകൾ |
| 37. | ലോറാസെപാം | 646 ഗുളികകൾ |
| 38. | ക്യുറ്റാപൈൻ | 40 ഗുളികകൾ |
| 39. | മാക്സ് ഗോലിൻ | 192 ഗുളികകൾ |
| 40. | നൈട്രാസെപാം | 25112 ഗുളികകൾ |
| 41. | സ്പാസ്മോ പ്രോക്സിവോൺ പ്ലസ് | 47486 ഗുളികകൾ |
| 42. | മറ്റ് ഗുളികകൾ | 9822 എണ്ണം |
| 43. | അൽപ്രാസോളം | 345 ഗുളികകൾ |
| 44. | അൽപ്രാസോളം | 103.21 ഗ്രാം |
| 45. | മോർഫിൻ | 54 ഗ്രാം |
| 46. | ആംഫറ്റാമൈൻ | 345.51 ഗ്രാം |
| 47. | മെതാക്വാലോൺ | 0.054 ഗ്രാം |
| 48. | ഗെറോയിൻ | 11.5 ഗ്രാം |
| 49. | നർക്കോട്ടിക് പൗഡർ | 103 ഗ്രാം |
| 50. | മറ്റുള്ള നർക്കോട്ടിക് ഡ്രഗ്ഗുകൾ | 1124 ഗ്രാം |

സെക്ഷൻ ഓഫീസർ